**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 92** **10-10-2024 - ൽ മറുപടിയ്ക്ക്**

**വയനാട് ദുരന്തബാധിതർക്ക് പ്രത്യേക ടൗൺഷിപ്പ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ടി. സിദ്ദിഖ്,<br>ശ്രീ. ഐ. സി. ബാലകൃഷ്ണൻ ,<br>ശ്രീ. എ. പി. അനിൽ കുമാർ ,<br>ശ്രീ. സജീവ് ജോസഫ്** | | **ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി)** | |
| (എ) | വയനാട് ദുരന്തത്തിൽപ്പെട്ടവരെ പുനരധിവസിപ്പിക്കാനായി പ്രത്യേക ടൗൺഷിപ്പ് നിർമ്മിക്കാൻ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ ഇതിനായി സ്ഥലം കണ്ടെത്തിയിട്ടുള്ളത് എവിടെയാണെന്ന് വ്യക്തമാക്കുമോ; | (എ) | ഉണ്ട്. വയനാട് ദുരന്തത്തിൽപ്പെട്ടവരെ പുനരധിവസിപ്പിക്കുന്നതിനായി മേപ്പാടി പഞ്ചായത്തിലെ നെടുമ്പാല എസ്റ്റേറ്റിലും, കൽപ്പറ്റ മുനിസിപ്പാലിറ്റിയിലെ എൽസ്റ്റോൺ എസ്റ്റേറ്റിലും മോഡൽ ടൗൺഷിപ്പ് നിർമ്മിക്കുന്നതിന് 04/10/2024 ലെ സഉ(കൈ)നം.11/2024/ഡിഎംഡി പ്രകാരം അംഗീകാരം നല്കിയിട്ടുണ്ട്. |
| (ബി) | ടൗൺഷിപ്പ് നിർമ്മാണത്തിനായി സ്ഥലം ഏറ്റെടുക്കുന്ന നടപടികളുടെ പുരോഗതി അറിയിക്കുമോ; ഇക്കാര്യത്തിൽ ദുരന്തബാധിതരുടെ താല്പര്യം സംരക്ഷിക്കാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ; | (ബി) | ടൗൺഷിപ്പ് നിർമ്മിക്കുവാൻ ഏറ്റവും അനുയോജ്യമാണെന്ന് കണ്ടെത്തിയിട്ടുള്ള വൈത്തിരി താലൂക്കിലെ, കോട്ടപ്പടി വില്ലേജിലെ ബ്ലോക്ക് നം. 28, സർവ്വേ നം. 366 ൽ പ്പെട്ട നെടുമ്പാല എസ്റ്റേറ്റിലെ 65.41 ഹെക്ടർ ഭൂമിയും, വൈത്തിരി താലൂക്കിലെ കൽപ്പറ്റ വില്ലേജിലെ ബ്ലോക്ക് നം. 19, സർവ്വേ നം. 88/1 ൽ പ്പെട്ട എൽസ്റ്റോൺ എസ്റ്റേറ്റിലെ 78.73 ഹെക്ടർ ഭൂമിയും ദുരന്ത നിവാരണ നിയമം 2005 പ്രകാരം posession ഏറ്റെടുക്കുന്ന കാര്യം പരിഗണനയിലാണ്<br><br>ദുരന്തത്തിൽ വീടും സ്ഥലവും നഷ്ടപ്പെട്ട കുടുംബങ്ങളെ ഒന്നാം ഘട്ടമായി (Phase-1) പുനരധിവസിപ്പിക്കുന്നതിനും, വാസയോഗ്യമല്ലാതായി തീർന്ന സ്ഥലങ്ങളിൽ (No Go Zones) ഉൾപ്പെടുന്ന മറ്റ് കുടുംബങ്ങളെ രണ്ടാം ഘട്ടമായി (Phase-II) പുനരധിവസിപ്പിക്കുന്നതിനുമാണ് തീരുമാനിച്ചിട്ടുള്ളത്. പുനരധിവാസ പദ്ധതിയുടെ ഒന്നും രണ്ടും ഘട്ടങ്ങളിൽ (Phase I and Phase II) ഉൾപ്പെടുന്ന ഗുണഭോക്താക്കളുടെ കരട് പട്ടിക പ്രസിദ്ധീകരിക്കുന്നതിന് വയനാട് ജില്ലാ കളക്ടർക്ക് അനുമതി നല്കിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | ദുരന്തം അനുഭവിച്ചവർക്കും ദുരന്ത ബാധിതരായിട്ടുള്ളവർക്കും വേണ്ടി സുസ്ഥിരവും പരിസ്ഥിതിയ്ക്ക് ഏറ്റവും അനുയോജ്യമായ സംവിധാനങ്ങളും housing layout ഉൾപ്പെട്ട മോഡൽ ടൗൺഷിപ്പ് നിർമ്മിക്കുന്നതിനാണ് നിശ്ചയിച്ചിട്ടുള്ളത്. ദുരന്ത ബാധിതരുമായി 23/08/2024 ൽ നടത്തിയ ചർച്ചയിൽ (Public Consultation) പുതിയതായി സ്ഥാപിക്കുന്ന വീടുകൾ സുരക്ഷിത സ്ഥലത്തായിരിക്കണമെന്നും, മുൻപ് താമസിച്ചിരുന്ന സ്ഥലത്തിന് അടുത്തായിരിക്കണമെന്നും, ഒരുമിച്ച് താമസിക്കുവാൻ കഴിയുന്നവിധം ആകണമെന്നും ഉപജീവനത്തിന് അനുയോജ്യമാകണമെന്നും ഉള്ള ആവശ്യങ്ങൾ ഉയർന്നു വന്നിരുന്നു. ഈ അഭിപ്രായങ്ങൾ കൂടി കണക്കിലെടുത്താണ് പുനരധിവാസത്തിനുള്ള സ്ഥലങ്ങൾ കണ്ടെത്തിയിട്ടുള്ളത്. ഭൂമി പ്ലോട്ടുകൾ തിരിച്ച് ശ്രദ്ധാപൂർവ്വവും സുസ്ഥിരവുമായ രീതിയിൽ ഭവന നിർമ്മാണം നടത്താനാണ് ഉദ്ദേശിക്കുന്നത്. കൂടാതെ ആന്തരിക റോഡുകൾ, അംഗൻവാടി, സ്കൂൾ, പോസ്റ്റ് ഓഫീസ്, ആരോഗ്യ ക്ലിനിക്ക്, മാലിന്യ സംസ്കരണ മേഖല, കമ്മ്യൂണിറ്റി ഹബ്ബ്, പാർക്ക്, മറ്റ് സാമൂഹിക പശ്ചാത്തലങ്ങൾ അടക്കമുള്ള മറ്റ് സൗകര്യങ്ങൾ ടൗൺഷിപ്പിൽ ഒരുക്കേണ്ടതായിട്ടുമുണ്ട്. നിർദ്ദിഷ്ട ടൗൺഷിപ്പിന്റെ മാതൃക, layout എന്നിവ തയ്യാറാക്കുന്നതിന് നടപടി സ്വീകരിച്ചു വരുന്നു. |
| (സി) | പ്രത്യേക ടൗൺഷിപ്പ് മേഖലയിൽ പുനരധിവാസത്തിന് തയ്യാറാകാത്തവർക്ക് സ്വന്തം നിലയിൽ ഭൂമിയും വീടും കണ്ടെത്തി താമസിക്കുന്നതിനാവശ്യമായ സഹായം നൽകുമോ; വിശദാംശം ലഭ്യമാക്കുമോ? | (സി) | മേപ്പാടി പഞ്ചായത്തിൽ ഉരുൾപ്പൊട്ടലിൽ ബാധിതരായ കുടുംബങ്ങളെ നിലവിൽ ടൗൺഷിപ്പ് നിർമ്മിച്ച് പുനരധിവസിപ്പിക്കുന്നതിനാണ് തീരുമാനം കൈകൊണ്ടിരിക്കുന്നത്. എന്നാൽ ദുരന്ത ബാധിതരിൽ ആർക്കെങ്കിലും സ്വന്തം നിലയിൽ ഭൂമിയും വീടും കണ്ടെത്തി താമസിക്കുന്നതിന് സഹായം ആവശ്യപ്പെട്ടാൽ ആയത് പ്രത്യേകം പരിശോധിച്ച് നിയമപ്രകാരമുള്ള തീരുമാനം കൈകൊള്ളുന്നതാണ്. |

സെക്ഷൻ ഓഫീസർ

"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ദുരന്ത നിവാരണ വകുപ്പ്- വയനാട് വൈത്തിരി താലൂക്കിലെ വെള്ളരിമല വില്ലേജിൽ മേപ്പാടി ഗ്രാമ പഞ്ചായത്തിൽ 30/07/2024 ന് ഉണ്ടായ ഉരുൾപ്പൊട്ടലിൽ ദുരന്തബാധിതരായവരുടെ പുനരധിവാസത്തിന് മോഡൽ ടൗൺഷിപ്പ് നിർമ്മിക്കുന്നത് സംബന്ധിച്ച് -ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ദുരന്ത നിവാരണ (എ)വകുപ്പ്**

സ.ഉ.(കൈ) നം.11/2024/DMD തീയതി,തിരുവനന്തപുരം, 04-10-2024

---

പരാമർശം:- 1. സഉ(പി)നം.2/2024/ഡിഎംഡി തീയതി 09.08.2024

2. സഉ(സാധ) 590/2024/ഡിഎംഡി തീയതി 09.08.2024

**ഉത്തരവ്**

വയനാട് ജില്ലയിലെ വൈത്തിരി താലൂക്കിലെ മേപ്പാടി പഞ്ചായത്തിലെ ഉരുൾപ്പൊട്ടലിൽ ദുരന്ത ബാധിതരായവരുടെ പുനരധിവാസത്തിന് മോഡൽ ടൗൺഷിപ്പ് നിർമ്മിക്കുന്നത് സംബന്ധിച്ച് ചുവടെ കാണുന്ന പ്രകാരം ഉത്തരവാകുന്നു.

എ). മേപ്പാടി ചൂരൽമല ദുരന്തബാധിതരെ പുനരധിവസിപ്പിക്കുന്നതിനായി ഏറ്റവും അനുയോജ്യമാണെന്ന് കണ്ടെത്തിയിട്ടുള്ള മേപ്പാടി പഞ്ചായത്തിലെ നെടുമ്പാല എസ്റ്റേറ്റിലും, കൽപ്പറ്റ മുനിസിപ്പാലിറ്റിയിലെ എൽസ്റ്റോൺ എസ്റ്റേറ്റിലും മോഡൽ ടൗൺഷിപ്പ് നിർമ്മിക്കുവാൻതത്വത്തിൽ അംഗീകാരം നല്കുന്നു.

ബി). ടൗൺഷിപ്പ് നിർമ്മിക്കുവാൻ ഏറ്റവും അനുയോജ്യമാണെന്ന് കണ്ടെത്തിയിട്ടുള്ള വൈത്തിരി താലൂക്കിലെ, കോട്ടപ്പടി വില്ലേജിലെ ബ്ലോക്ക് നം. 28, സർവ്വ നം. 366 ൽപ്പെട്ട നെടുമ്പാല എസ്റ്റേറ്റിലെ 65.41 ഹെക്ടർ ഭൂമിയും, വൈത്തിരി താലൂക്കിലെ, കൽപ്പറ്റ വില്ലേജിലെ ബ്ലോക്ക് നം. 19, സർവ്വേ നം 88/1 ൽ പ്പെട്ട എൽസ്റ്റോൺ എസ്റ്റേറ്റിലെ 78.73 ഹെക്ടർ ഭൂമിയും അഡ്വക്കേറ്റ് ജനറലിന്റെ വിദഗ്ധോപദേശമനുസരിച്ച് ദുരന്ത നിവാരണ നിയമം 2005 പ്രകാരം posession ഏറ്റെടുക്കുന്നതിന് തത്ത്വത്തിൽ അനുമതി നൽകുന്നു.

സി). പരാമർശം(2) ഉത്തരവ് പ്രകാരം രൂപീകൃതമായ വിദഗ്ധ സമിതി ശിപാർശ ചെയ്തിട്ടുള്ള വാസയോഗ്യമായതും അല്ലാത്തതുമായ സ്ഥലങ്ങൾ (Go and No Go Zones) അംഗീകരിക്കുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ പുനരധിവാസത്തിന് ആവശ്യമായി വരുന്ന ആകെ സ്ഥലം നിശ്ചയിക്കേണ്ടതാണ്.

ഡി). ദുരന്തത്തിൽ വീടും സ്ഥലവും നഷ്ടപ്പെട്ട കുടുംബങ്ങളെ ഒന്നാം ഘട്ടമായി (Phase I) പുനരധിവസിപ്പിക്കുന്നതിനും, വാസയോഗ്യമല്ലാതായി തീർന്ന സ്ഥലങ്ങളിൽ (No Go Zones) ഉൾപ്പെടുന്ന മറ്റ് കുടുംബങ്ങളെ രണ്ടാം ഘട്ടമായി (Phase II) പുനരധിവസിപ്പിക്കുന്നതിനും അനുമതി നല്കുന്നു.

ഇ) പുനരധിവാസ പദ്ധതിയുടെ ഒന്നും രണ്ടും ഘട്ടങ്ങളിൽ (Phase I and Phase II) ഉൾപ്പെടുന്ന

ഗുണഭോക്താക്കളുടെ കരട് പട്ടിക വയനാട് ജില്ലാ കളക്ടർ പ്രസിദ്ധീകരിക്കേണ്ടതാണ്. പട്ടിക അന്തിമമാക്കുന്നത് സംബന്ധിച്ച് വിശദമായ നിർദ്ദേശങ്ങൾ പുറപ്പെടുവിക്കാൻ റവന്യൂ വകുപ്പിനെ ചുമതലപ്പെടുത്തുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

കെ ആർ ജ്യോതിലാൽ

അഡീഷണൽ ചീഫ് സെക്രട്ടറി

അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്),(എ&ഇ) കേരള, തിരുവനന്തപുരം

കമ്മീഷണർ, ലാന്റ് റവന്യൂ, തിരുവനന്തപുരം

കമ്മീഷണർ,ദുരന്ത നിവാരണം

ജില്ലാകളക്ടർ, വയനാട്

മെമ്പർ സെക്രട്ടറി, സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി

റവന്യൂ വകുപ്പ്

തദ്ദേശ സ്വയം ഭരണ വകുപ്പ്

പൊതുഭരണ(എസ്.സി) വകുപ്പ്

പൊതുജന സമ്പർക്ക വകുപ്പ്(Web and New Media)

സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ